പതിനാലാം കേരള നിയമസഭ
<u>പതിനെട്ടാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1202</u>　　　　<u>06.02.2020 ൽ മറുപടിക്ക്</u>

**<u>അങ്കമാലി-എരുമേലി ശബരിപാത</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോജി എം. ജോൺ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | 1997-98 ലെ കേന്ദ്ര റെയിൽവെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച അങ്കമാലി - എരുമേലി ശബരിപാതയുടെ നിലവിലെ നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ; | (എ) യും (ബി) യും (സി) യും (ഡി) യും | അങ്കമാലി - ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 517 കോടി രൂപ ചിലവ് പ്രതീക്ഷിച്ച പ്രസ്തുത പദ്ധതിയുടെ പുതുക്കിയ ചിലവ് 2815 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽ നിന്നായി 416 ഹെക്ടർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇതിനായി റവന്യൂ വകുപ്പ് രണ്ട് സ്പെഷ്യൽ തഹസിൽദാർമാർ ഉൾപ്പെട്ട രണ്ട് ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>ഈ പദ്ധതിക്കായി കാലടി വരെയുള്ള 24.4 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. അങ്കമാലി - ശബരി സെക്ടറിലെ കാലടി റെയിൽവേ സ്റ്റേഷന്റെയും പ്ലാറ്റ്ഫോമിന്റെയും നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പെരുമ്പാവൂർ, കൂവപ്പടി, വെങ്ങൂർ വെസ്റ്റ്, അശമന്നൂർ, രായമംഗലം, ചേലാമറ്റം എന്നീ വില്ലേജുകളിലെ 40.40.08 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള SIA പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച വിവരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും, ദക്ഷിണ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ), എറണാകുളം ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. എരമല്ലൂർ, മുളവൂർ, വെള്ളൂർകുന്നം, മൂവാറ്റുപുഴ, കോതമംഗലം, മാഞ്ഞല്ലൂർ എന്നീ വില്ലേജുകളിലെ 87.23.40 ഹെക്ടർ ഭൂമിയുടെ SIA പഠനം നടത്തുന്നതിലേക്കായി ഏറ്റെടുക്കേണ്ടുന്ന ഭൂമിയുടെ അതിരുകല്ല് സ്ഥാപിക്കേണ്ടതായിട്ടുണ്ട്. എന്നാൽ അർത്ഥനാധികാരിയായ ദക്ഷിണ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ), എറണാകുളം ആയത് നാളിതുവരെ സ്ഥാപിച്ചിട്ടില്ല<br>കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റെയിൽപാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ ലൈൻ |
| (ബി) | പ്രസ്തുത പദ്ധതിയുടെ ചെലവ് നിലവിൽ എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത പാത നടപ്പിലാക്കണമെങ്കിൽ സംസ്ഥാന സർക്കാർ പകുതി ചെലവ് വഹിക്കണമെന്ന് കാണിച്ച് കേന്ദ്ര സർക്കാർ കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേലുള്ള സംസ്ഥാന നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | ശബരി പാത യാഥാർത്ഥ്യമാക്കുന്നതിന് എന്ത് നടപടിയാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | കടന്നുപോകുന്നു. ഇതിൽ രാമപുരം - എരുമേലി ഭാഗത്തെ അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റു വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വെ നടപടികൾ റെയിൽവെ അധികൃതർ സ്വീകരിച്ചുവരുന്നു.<br>പ്രധാന മന്ത്രിയുടെ "പ്രഗതി" സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിയ്ക്കാവശ്യമായ ഭൂമിയുടെ വിലയിൽ ഉണ്ടായ ഭീമമായ വർദ്ധനവ് കണക്കിലെടുത്ത് ഭൂമി സൗജന്യമായി വിട്ടുതരുന്നതിനുള്ള സന്നദ്ധതയും നിർമ്മാണ ചെലവിന്റെ 50% ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്ന മുറയ്ക്ക് ഈ പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതി ആവിഷ്കരിച്ച വേളയിലോ പ്രഖ്യാപന സമയത്തോ പദ്ധതി വിഹിതത്തിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്നോ ആവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാക്കണമെന്നോ ഉള്ള നിർദ്ദേശങ്ങൾ ഇല്ലായിരുന്നു.<br>ആയതിനാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഈ പദ്ധതിക്കാവശ്യമായ മുഴുവൻ തുകയും 1997-98 ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപോലെ റെയിൽവേ വഹിക്കണമെന്ന് ബഹു. മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ